


Your favouritenewspaper at your fingertips
morning news daily
SUBSCRIBE, 9656571354

# വിവാഹത്തിലെ ന്യൂ നോർമൽ

32

www.morningnewsdaily.org



ഡോ. സൂസൻ കോരുത്
PhD,MSc,MSW,MBA
http://www.drsusankoruthu.com

വിവാഹത്തിന് അന്നും ഇന്നും ഇനി എന്നും ഒരർത്ഥം മാത്രമേ ഉള്ളൂ. എന്നാൽ മാറുന്ന കാലത്തിനനുസരിച്ച് വിവാഹത്തിന്റെ ഉദ്ദേശവും, സ്വഭാവവും രീതികളും ഒക്കെ മാറുന്നതായി കാണാം. പണ്ടൊക്കെ വിവാഹം മുതിർന്നവർ ചേർന്ന് തീരുമാനിക്കുക മാത്രമായിരുന്നു. പിന്നീട് അത് മാതാപിതാക്കൾ തീരുമാനിച്ചതിനു ശേഷം വധൂവരന്മാരുടെ സമ്മതം തേടുന്ന രീതിയിലേക്ക് മാറി. പിന്നീടത് വിവാഹാലോചനയിൽ മാതാപിതാക്കളും വധുവും വരനും ഒരുപോലെ ഭാരവാഹിത്വമുള്ളവരായി മാറി. അതിനുശേഷം വധുവും വരനും തീരുമാനിച്ചതിനു ശേഷം മാതാപിതാക്കളെ അറിയിച്ചു അവരുടെ സമ്മതം നേടുന്ന രീതിയിലായി. എന്നാൽ ഇന്നിപ്പോൾ വിവാഹത്തിനുവേണ്ടി മാതാപിതാക്കൾ കുട്ടികളുടെ പുറകെ എടാ കെട്ടട, എടീ കെട്ടടി എന്ന് പറഞ്ഞു കൊണ്ട് യാചിക്കുന്ന രീതിയിലായിരിക്കുന്നു.

വിവാഹം എന്ന് കേൾക്കുമ്പോൾ പുളകിതമാകുന്ന മനസുള്ള യുവത്വമല്ല. ഇന്നത്തെ വിവാഹത്തിന് മാനദണ്ഡങ്ങൾ പലതാണ് എന്നാൽ ധനം എന്നും വിവാഹത്തിന് ഒരു മുഖ്യ ഘടകം തന്നെയാണ്. ഇന്നത്തെ കാലത്തെ വിവാഹത്തിലെ ന്യൂ നോർമൽ എന്താണെന്ന് നമുക്കൊന്നു വിശകലനം ചെയ്തു നോക്കാം.

1 ) പഠിച്ച് ഒരു ജോലിയാകാതെ വിവാഹം വേണ്ട എന്ന് പെൺകുട്ടികളും. ഫിനാൻഷ്യലി സെറ്റിൽ ആയിട്ട് മതി വിവാഹം എന്ന് അൺകുട്ടികളും പറയുന്നതാണ് പുതിയ ശരി.

സ്വന്തം കാലിൽ നിൽക്കുക എന്നത് എല്ലാവരും അത്യാവശ്യം ആർജ്ജിക്കേണ്ട ഒരു അവസ്ഥയാണ്. എന്നാൽ അതിനുവേണ്ടി ശ്രമിക്കുന്ന യുവത്വം മറ്റു മേഖലകളിലെ പരാശ്രയ ബോധത്തെ അംഗീകരിക്കുന്നതായും സ്വയാശ്രയബോധത്തെ അവഗണിക്കുന്നതായോ അല്ലെങ്കിൽ അത് ഒരു ന്യൂ നോർമലായി പരിഗണിക്കുകയോ ചെയ്യുന്നത് കാണാറുണ്ട്. ഒരാൾ പരാശ്രയമില്ലാതെ സ്വന്തം കാലിൽ നിൽക്കുന്നു എന്ന് പറയുമ്പോൾ നാം ഉടനെ ചിന്തിക്കുന്നത് അവർ സ്വന്തമായി ജോലിയുള്ള, പണം സമ്പാദിക്കുന്ന ഒരാളായാണ്. എന്നാൽ അവർ ജീവിതത്തിലെ മറ്റു മേഖലകളായ കുടുംബകാര്യങ്ങൾ, സാമൂഹികമായ ചുമതലകൾ, മറ്റുള്ളവരുമായുള്ള വ്യക്തിബന്ധങ്ങൾ, അവനവനോടുള്ള ചുമതലകൾ എന്നിവയൊക്കെ സ്വന്തമായി തന്മയത്വപൂർവം കൈകാര്യം ചെയ്യുവാനുള്ള സാമർത്ഥ്യം ഉള്ളവരാണോ എന്നുള്ളത് നാം സൗകര്യപൂർവം മറക്കുന്നു. അല്ലെങ്കിൽ കണ്ടില്ലെന്നു നടിക്കുന്നു. ഒരു കുട്ടി വിദ്യാഭ്യാസപരമായി ഉന്നതിയിൽ നിൽക്കുന്നുവെങ്കിൽ അല്ലെങ്കിൽ നല്ല ജോലിയുള്ളയാളാണെങ്കിൽ മാതാപിതാക്കൾ അവരുടെ ദാസരാകുന്ന രീതി കണ്ടുവരാറുണ്ട്. അവർക്കു വേണ്ട ഭക്ഷണവും, വെള്ളവും മുതൽ അവർ ധരിക്കുന്ന അടിവസ്ത്രങ്ങൾ വരെ കഴുകിക്കൊടുക്കുന്ന അമ്മമാരുണ്ട്. ഇനി അവരത് ചെയ്തില്ലെങ്കിൽ അവരെക്കൊണ്ടു പറഞ്ഞു ചെയ്യിക്കുന്ന അച്ഛന്മാരുമുണ്ട്. ഇങ്ങനെ എല്ലാ രീതിയിലും പരാശ്രയത്തിൽ മാത്രം ജീവിച്ചുകൊണ്ട് പണം ഉണ്ടാക്കാൻ മാത്രം പ്രാപ്തരാക്കുന്ന കുട്ടികൾ എങ്ങിനെയാണ് ഉത്തമ കുടുംബ ജീവിതം നയിക്കുക.

## ഇങ്ങനെ എല്ലാ രീതിയിലും പരാശ്രയത്തിൽ മാത്രം ജീവിച്ചുകൊണ്ട് പണം ഉണ്ടാക്കാൻ മാത്രം പ്രാപ്തരാക്കുന്ന കുട്ടികൾ എങ്ങിനെയാണ് ഉത്തമ കുടുംബ ജീവിതം നയിക്കുക?



പലരുടെയും വീട്ടിൽ നല്ല പിഞ്ഞാണപ്പാത്രനാൾ അലമാരയിലും, ഡിസ്പോസിബിൾ പാത്രങ്ങൾ ഭക്ഷണം കഴിക്കാനും ഉപയോഗിക്കുന്നത് കാണാറുണ്ട്. ചോദിച്ചാൽ പറയുന്നത് രണ്ടുപേർക്കും പാത്രം കഴുകാൻ ഇഷ്ടമല്ല. അടുക്കിക്കളയിലെല്ലാം തന്നെ ഡിഷ് വാഷറുകളും ഉണ്ട് പക്ഷെ അതിൽ പാത്രങ്ങൾ എടുത്തു വയ്ക്കുകയും അത് പ്രവർത്തിപ്പിക്കുകയും, വൃത്തിയാക്കിയ പാത്രങ്ങൾ തിരിച്ചെടുത്തു വയ്ക്കുകയും ചെയ്യുന്നതു പോലും ജീവിതത്തിൽ പലരും ശീലിച്ചിട്ടുള്ള ചുമതലകളാവില്ല. അങ്ങിനെയുള്ള യുവത്വങ്ങളാണ് വിവാഹജീവിതത്തിലേക്ക് കടക്കുന്നത്. ധനം എല്ലാത്തിനും പകരമാവില്ല അതുപോലെതന്നെ മറ്റൊന്നും ധനത്തിനും പകരമാവില്ല.

വലിയ ജോലിയും, ശമ്പളവും മാത്രമല്ല വിജയകരമായ ജീവിതത്തിന്റെ അളവുകോൽ. എല്ലാത്തിനും അതിന്റേതായ വിലകൊടുക്കാനും. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരാശ്രയമില്ലാതെ ആത്മവിശ്വാസത്തോടെ ജീവിക്കാനും ഇന്നത്തെ യുവത്വം അറിയേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ കുട്ടികളെ എല്ലാ മേഖലകളിലും സ്വയാശ്രയബോധത്തിൽ വളർത്താൻ ശ്രമിക്കണം.

ജീവിതത്തെ താങ്ങി നിർത്തുന്ന തൂണുകളാണ് ഇനി പ്പറയുന്നവ:

1 ) നിങ്ങളെന്ന വ്യക്തി സ്വഭാവം, വികാരം, വ്യക്തിത്വം എന്നിവ.

2 ) നിങ്ങളുടെ കുടുംബ വ്യക്തിത്വം പരസ്പര വിശ്വാസം, സഹാനുഭൂതി, പരസ്പര ബഹുമാനം എന്നിവ.

3 ) നിങ്ങളുടെ സാമൂഹിക വ്യക്തിത്വം സഹാനുഭൂതി, പരസ്പര ബഹുമാനം, സഹിഷ്ണുത, സ്ഥാനമാനങ്ങൾ എന്നിവ.

4 ) നിങ്ങളുടെ സാമ്പത്തിക വ്യക്തിത്വം ജോലി, ശമ്പളം, സാമ്പത്തിക ഉയർച്ച, സ്ഥാനമാനങ്ങൾ എന്നിവ.

5 ) നിങ്ങളുടെ ആത്മീയ വ്യക്തിത്വം സമാധാനം, സന്തോഷം, സ്ഥിരോത്സാഹം എന്നിവ.

ജീവിതത്തിലെ ഈ അഞ്ചു തൂണുകളും ഒരുപോലെ ബലമാർന്നതാവണം എങ്കിൽ മാത്രമേ ജീവിതം വിജയകരമായി മുമ്പോട്ടു പോകുകയുള്ളു. ഇന്നത്തെ യുവത്വം സാമ്പത്തിക വ്യക്തിത്വമെന്ന തൂണിനു മാത്രം ബലം കിട്ടി വളർന്നവരായതു കൊണ്ട് മറ്റു തൂണുകളെല്ലാം ബലക്ഷയം സംഭവിച്ചവയോ, കാര്യമായ സംരക്ഷണം കിട്ടാത്തവയോ ആണ്. അതുകൊണ്ടു തന്നെ ഒരു വിവാഹത്തിന്റെ അല്ലെങ്കിൽ കുടുംബജീവിതത്തിന്റെ വിജയകരമായ നടത്തിപ്പിനു വേണ്ട ഉറപ്പായ അടിത്തറ ഇവരിൽ ഉണ്ടാവുക പ്രയാസമാണ്.

ഇന്നത്തെ ശരികളിലൊന്നായ സാമ്പത്തിക ഭദ്രത വേണ്ടുവോളം ഉണ്ടെങ്കിലും വിവാഹബന്ധങ്ങളും കുടുംബജീവിതവും ആടിയുലയുകയാണ്. പല ബന്ധങ്ങളും അടിത്തറയില്ലാതെ തകർന്നു പോകുന്നത് ഒരു സാധാരണ സംഭവമായി തീർന്നിരിക്കുന്നു. എവിടെയും ഉലയുന്ന ബന്ധങ്ങളും, ഹാനികരമായ കുടുംബാന്തരീക്ഷവും.

ഒറ്റത്തൂണിലാണ് ഇന്ന് പല കുടുംബങ്ങളും കെട്ടിപൊക്കിയിരിക്കുന്നത്. മറ്റു തൂണുകളുടെ ആവശ്യകത പോലും ആരും മനസ്സിലാക്കിയിട്ടുണ്ടാവില്ല. എന്തിനേറെ, ഒട്ടുമിക്ക മാതാപിതാക്കളും ഇവയെപ്പറ്റി അജ്ഞരാണ്. അതുകൊണ്ടു തന്നെ പ്രായപൂർത്തിയായ മക്കൾക്ക് പോലും താങ്ങായി രക്ഷിതാക്കൾ നിൽക്കേണ്ട ശോചനീയ അവസ്ഥയാണ് ഇന്ന് പല കുടുംബങ്ങളിലും കാണാൻ സാധിക്കുന്നത്.

വിജയകരമായ ജീവിതത്തിനു സാമ്പത്തിക ഭദ്രത ഏറ്റവും ആവശ്യമായ ഒരു ഘടകം തന്നെയാണ്. എന്നാൽ അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ജീവിതത്തിന്റെ മറ്റു ഘടകങ്ങൾ ശോഷിച്ചു പോകുന്നത് നിങ്ങളറിയണം. നിങ്ങളുടെ കുട്ടികളെ ജീവിതത്തിന്റെ അഞ്ചു പ്രധാന തൂണുകളും നല്ല ബലമേറിയവയായി കെട്ടിപ്പൊക്കാനും ശക്തമായി തന്നെ അവയെ നിലനിർത്താനും പ്രാപ്തരാക്കാൻ നിങ്ങൾക്കൊരുത്തർക്കും സാധിക്കട്ടെ.

അങ്ങിനെ ശക്തമായ വിവാഹകുടുംബ ബന്ധങ്ങൾ വളർന്നു വരാൻ ഇടയാകട്ടെ.

തുടരും

www.morningnewsdaily.org

9656571354
Publish your Ad in
morning news daily
Malayalam News Paper

